**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 134** **15-06-2012 - ലെ മറുപടിയ്ക്ക്**

## എൻഡോസൾഫാൻ പഠന റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ<br>" മുല്ലക്കര രത്നാകരൻ<br>" ചിറ്റയം ഗോപകുമാർ<br>" ഇ.കെ.വിജയൻ | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) എൻഡോസൾഫാൻ ഉപയോഗത്തെക്കുറിച്ചും എൻഡോസൾഫാൻ ഇരകളെക്കുറിച്ചും സംസ്ഥാനത്ത് ഏതെല്ലാം രീതിയിലുള്ള എത്ര പഠനങ്ങൾ നടന്നിട്ടുണ്ട്; ഈ പഠനറിപ്പോർട്ടുകളിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (എ) എൻഡോസൾഫാൻ ഉപയോഗത്തെക്കുറിച്ചും എൻഡോസൾഫാൻ ഇരകളെക്കുറിച്ചും ഐ.സി.എം.ആർ, കോഴിക്കോട് മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം, എന്നിവർ നടത്തിയ ശാസ്ത്രീയ പഠനങ്ങൾക്കു പുറമെ ശിവരാമൻ കമ്മിറ്റി, അച്ചുതൻ കമ്മിറ്റി, അബ്ദുൾ കമ്മിറ്റി, ഡോ.എസ്.എൻ.ബാനർജി കമ്മിറ്റി, ഡോ.ആർ.ബി.സിംഗ് കമ്മിറ്റി, ഡോ.ഒ.പി.ദുബേ കമ്മിറ്റി, കേരള കാർഷിക സർവ്വകലാശാല, എൻ.ഐ.ഒ.എച്ച്. കമ്മിറ്റി, മായീ കമ്മിറ്റി തുടങ്ങിയവരും പഠനം നടത്തിയിട്ടുണ്ട്. പഠന റിപ്പോർട്ടുകളിലെ ശുപാർശകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഈ പഠന റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) പഠന റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>• എൻഡോസൾഫാൻകീടനാശിനികൾക്ക് 2006-ൽ കേന്ദ്ര സർക്കാർ നിരോധനം ഏർപ്പെടുത്തി. ആയതിന്റെ അടിസ്ഥാനത്തിൽ 2010-ൽ സംസ്ഥാന ജൈവ കാർഷിക നയങ്ങളും നടപടികളും പുറപ്പെടുവിക്കുകയുണ്ടായി.<br>• കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിത മേഖലയിലെ രോഗികളെ കണ്ടെത്തുന്നതിനായി 29 സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു.<br>• രോഗികൾക്ക് ചികിത്സ നൽകുന്നതിനായി മൊബൈൽ മെഡിക്കൽ ടീമിന്റെ പ്രവർത്തനമാരംഭിച്ചു.<br>• കിടപ്പിലായ രോഗികളുടെ വീടുകളിലെത്തി ചികിത്സ നൽകുന്നതിനായി ജില്ലയിലെ പതിനൊന്ന് |

ഗ്രാമപഞ്ചായത്തുകളിലെ പ്രദേശങ്ങളിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തി.

- വിദഗ്ദ്ധ ചികിത്സ ആവശ്യമായ രോഗികൾക്ക് സംസ്ഥാനത്തും അയൽ സംസ്ഥാനത്തെ മംഗലാപുരത്തും ആയി 12 ആശുപത്രികളിൽ സൗജന്യ വിദഗ്ദ്ധ ചികിത്സയ്ക്കുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

എൻഡോസൾഫാൻ ഉപഭോഗം മൂലം ദുരിതമനുഭവിക്കുന്ന ജനങ്ങൾക്കുവേണ്ടിയുള്ള ദുരിതാശ്വാസ പദ്ധതികളുടെ പ്രയോജനം കൂടുതൽ വ്യാപകവും, ശക്തിയുക്തമാക്കുന്നതിനും ഒപ്പം ഇത്തരക്കാർക്കുള്ള പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും വ്യക്തവും വിശദവുമായ കണക്കെടുപ്പ് നടത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പ്രസ്തുത സർവ്വേ സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പിന്റെയും, ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെയും സഹകരണത്തോടെ സംഘടിപ്പിക്കുന്നതിന് കേരള സാമൂഹ്യ സുരക്ഷാമിഷനെ സർക്കാർ ചുമതലപ്പെടുത്തി.

എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പുനരധിവാസത്തിനും ധനസഹായത്തിനുമായി 2011-12 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ 2235-02-104-86 ശീർഷകത്തിൽ 12.85 കോടി രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തുകയുണ്ടായി. നടപ്പു സാമ്പത്തിക വർഷവും 12.85 കോടി രൂപ ആവശ്യത്തിനായി വകയിരുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | എൻഡോസൾഫാൻ ഉപയോഗത്തെക്കുറിച്ചുള്ള അഭിപ്രായം എന്താണെന്ന് വ്യക്തമാക്കുമോ? | (സി) | എൻഡോസൾഫാന്റെ ഉപയോഗം മനുഷ്യന് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ആയതിനാൽ പ്രസ്തുത കീടനാശിനിയുടെ ഉപയോഗം നിർത്തലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 1. 2002 ൽ നടന്ന ഐ.സി.എം.ആർ പഠന റിപ്പോർട്ട്

1. കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടങ്ങളിൽ ആകാശമാർഗ്ഗേ നടക്കുന്ന എൻഡോസൾഫാൻ സ്പ്രേയിംഗ് നിരോധിക്കുക.
2. എൻഡോസൾഫാന്റെ ഉപയോഗം നിർത്തിവെക്കുക.
3. തോട്ടങ്ങളിൽ തേയിലക്കൊതുകിന്റെ ശല്യവും കശുവണ്ടി ഉൽപാദനക്ഷമതയും തമ്മിലുള്ള ബന്ധം സംബന്ധിച്ച് പഠനം നടത്തുക.
4. ഗവേഷണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച്, മറ്റു കീടനാശിനികൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് സാദ്ധ്യത ആരായുക.
5. പ്ലാന്റേഷൻ കോർപ്പറേഷന്റെ സസ്യ സംരക്ഷണ മാർഗ്ഗങ്ങൾ ശാസ്ത്രീയമായി രൂപകൽപന ചെയ്യുക.
6. സംയോജിത കീടനിയന്ത്രണ പരിപാടികൾ ആവിഷ്ക്കരിക്കുക.
7. തേയില കൊതുകിന്റെ ഉപദ്രവം അതിജീവിക്കാൻ കഴിയുന്ന തരത്തിലുള്ള പുതിയ ഇനങ്ങൾ വികസിപ്പിക്കുന്നതിനുള്ള പരിപാടികൾ സംഘടിപ്പിക്കുക.
8. ദുരിതബാധിത മേഖലയിൽ വിശദമായ ആരോഗ്യ സർവ്വേ നടത്തുക.
9. രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ ഏർപ്പെടുത്തുക.
10. ശുപാർശകൾ നടപ്പിലാക്കുന്നതിനായി സർക്കാർ നടപടി സ്വീകരിക്കുക.
11. കീടനാശിനിയുടെ ഉപയോഗവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് ജനങ്ങളിൽ ആവശ്യമായ ബോധവൽക്കരണം നടത്തുക. കീടനാശിനിയുടെ ഉപയോഗം സംബന്ധിച്ച കാര്യങ്ങൾ നിരീക്ഷണം നടത്തുന്നതിനായി പ്ലാന്റേഷൻ കോർപ്പറേഷന്റെ എല്ലാ ഡിവിഷനിലും താഴെ പറയുന്നവരെ ഉൾപ്പെടുത്തി കമ്മിറ്റികൾ രൂപീകരിക്കുക.
    ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്
    കൃഷി അസിസ്റ്റന്റ്
    ആരോഗ്യ വകുപ്പ് പ്രതിനിധി
    പ്ലാന്റേഷൻ കോർപ്പറേഷന്റെ മേഖലാ ഓഫീസർ
    ബന്ധപ്പെട്ട ഡിവിഷനിലെ തൊഴിലാളികളുടെ ഒരു പ്രതിനിധി.

## 2. കോഴിക്കോട് മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ പഠന റിപ്പോർട്ട്.

- മനുഷ്യ രക്തത്തിൽ കീടനാശിനി സംക്ഷിപ്തങ്ങളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനായി നിരീക്ഷണം നടത്തുക.
- പാരിസ്ഥിതിക നിരീക്ഷണം.
- രോഗികൾക്ക് ചികിത്സയും മറ്റു സഹായവും ലഭ്യമാക്കുക.

## 3. സംസ്ഥാനതല വിദഗ്ദ്ധ സമിതിയുടെ 2003-ലെ പഠന റിപ്പോർട്ടിലെ ശുപാർശകൾ (ശിവരാമൻ കമ്മിറ്റി)

- ആകാശമാർഗ്ഗമുള്ള എൻഡോസൾഫാൻ തളിക്കലിന് നിരോധനം ഏർപ്പെടുത്തുക.
- ദുരിത ബാധിത മേഖലയിലെ ആരോഗ്യ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക, മൊബൈൽ മെഡിക്കൽ ടീമുകൾ ആരംഭിക്കുക.
- വൈകല്യം അനുഭവിക്കുന്നവർക്കുവേണ്ടി പുനരധിവാസ പദ്ധതികൾ ആരംഭിക്കുക.

- ദുരിത ബാധിത മേഖലയിലെ റിപ്പോർട്ട് ചെയ്യപ്പെടുന്ന പുതിയ അസുഖങ്ങൾ സംബന്ധിച്ച് നിരീക്ഷണം നടത്തുക.
- കീടനാശിനികൾ ഉപയോഗിക്കുന്ന ഏജൻസികൾ താഴെ പറയുന്ന കാര്യങ്ങളിൽ കൃത്യമായ നിരീക്ഷണം നടത്തുക എന്നത് നിർബന്ധമാക്കുക.
  തൊഴിലാളികളുടേയും പൊതുജനങ്ങളുടേയും ആരോഗ്യസ്ഥിതി.
  പരിസ്ഥിതി നിരീക്ഷണം.
  ദുരിത ബാധിത മേഖലയിൽ ഭാവിയിൽ ഉണ്ടാകാവുന്ന ആരോഗ്യ പ്രശ്നങ്ങൾ.
- സംയോജിത കീടനാശിനി നിയന്ത്രണ ഉപാധികൾ പ്രചരിപ്പിക്കുക.
- രാസ കീടനാശിനികൾ ഉപയോഗിക്കുന്ന സംസ്ഥാനങ്ങളിൽ സാങ്കേതിക മേൽനോട്ടം ശക്തിപ്പെടുത്തുക.

4. **ഡോ. എസ്.എൻ.ബാനർജി കമ്മിറ്റി, ഡോ. ആർ.ബി.സിംഗ് കമ്മിറ്റി.**

എൻഡോസൾഫാന്റെ അന്തരീക്ഷ മാർഗ്ഗേനയുള്ള ഉപയോഗം കാസർഗോഡ് ജില്ലയിലെ പാദ്രേ വില്ലേജിൽ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതിനു മുമ്പേ രൂപീകരിച്ച കമ്മിറ്റികളാണ് ഡോ. എസ്.എൻ.ബാനർജി കമ്മിറ്റി, ഡോ. ആർ.ബി.സിംഗ് കമ്മിറ്റികൾ. ആയതിനാൽ എൻഡോസൾഫാന്റെ ഉപയോഗം Insecticide Act 1968 പ്രകാരം തുടരുന്നതിന് നിർദ്ദേശിച്ചു.

5. **ഡോ. അച്ചുതൻ കമ്മിറ്റി**

ഡോ. അച്ചുതൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്തരീക്ഷ മാർഗ്ഗേനയുള്ള എൻഡോസൾഫാന്റെ ഉപയോഗം നിരോധിക്കുകയുണ്ടായി.

6. **ദുബേ കമ്മിറ്റി**

ദുബേ കമ്മിറ്റി റിപ്പോർട്ടിൽ എൻഡോസൾഫാൻ Insecticide Act- ന്റെ നിബന്ധനകൾക്കു വിധേയമായി ഉപയോഗിക്കുന്നതിനു ശുപാർശ ചെയ്തു.

7. **കേരള സർവ്വകലാശാല**

കേരള സർവ്വകലാശാല എൻഡോസൾഫാന്റെ ഉപയോഗം സംബന്ധിച്ച് ഒരു പ്രാഥമിക പഠനം നടത്തി അന്തരീക്ഷ മാർഗ്ഗേനയുള്ള ഉപയോഗം നിർത്തലാക്കാൻ ശുപാർശ ചെയ്തു.

8. **എൻ.ഐ.ഒ.എച്ച് കമ്മിറ്റി**

എൻ.ഐ.ഒ.എച്ച് കമ്മിറ്റി ശുപാർശയിൽ അച്ചുതൻ കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിക്കണമെന്ന് ചൂണ്ടിക്കാട്ടി.

9. **മായീ കമ്മിറ്റി**

മായീ കമ്മിറ്റി എൻഡോസൾഫാന്റെ ഉപയോഗം നിർത്തിവയ്ക്കുന്നതു നല്ലതായിരിക്കും എന്ന് റിപ്പോർട്ട് ചെയ്തു.